# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4379 21.03.2018-ൽ മറുപടിയ്ക്ക്

### വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ മോചനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ജോയി<br>ശ്രീ.എം.നൗഷാദ്<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.പുരുഷൻ കടലുണ്ടി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഒമാനിലെ മലയാളി സംഘടനകളുടെ നിരന്തരമായ ശ്രമത്തെത്തുടർന്നും ഇന്ത്യൻ എംബസിയുടെ ഇടപെടലിനെ തുടർന്നും, ചെയ്യാത്ത കുറ്റത്തിന് ഇരുപത് വർഷമായി ഒമാൻ ജയിലിൽ കിടന്ന രണ്ട് മലയാളികളെ മോചിപ്പിച്ച് നാട്ടിൽ തിരിച്ചെത്തിക്കാൻ കഴിഞ്ഞതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരിക്കാമോ? | (എ) മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ മാനുഷികവും രാജ്യസ്നേഹപരവുമായ പ്രവർത്തനങ്ങൾ നടത്തുന്ന മലയാളി സംഘടനകളെ സഹായിക്കുന്നതിനും പ്രസ്തുത സംഘടനകൾക്ക് ഇന്ത്യൻ എംബസിയുമായി നിരന്തരം ബന്ധം സ്ഥാപിക്കുന്നതിനും ഉതകുന്ന പദ്ധതിക്ക് സർക്കാർ രൂപം നല്കുമോ; വിശദമാക്കാമോ; | (ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ മോചനത്തിനും അവരെ നാട്ടിൽ തിരിച്ചെത്തിക്കുന്നതിനും പുനരധിവാസത്തിനും പ്രവാസി കാര്യവകുപ്പ് പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) വിദേശ രാജ്യങ്ങളിൽ തടവിൽ കഴിയുന്ന പ്രവാസി മലയാളികളുടെ നിയമാനുസൃതമായ മോചനത്തിന് പ്രവാസികാര്യ വകുപ്പ് ഇടപെടാറുണ്ട്. ഇത്തരത്തിൽ മടങ്ങി വരുന്നവരുൾപ്പടെയുള്ളവരുടെ പുനരധിവാസത്തിനായി സർക്കാർ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ